"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ഉമ.പി.യു യുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3977/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

പരാമർശം:-

1. പാലക്കാട്, മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 21/04/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-08-2025 തീയതിയിലെ ഇഎം1/17131/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01-09-2025 തീയതിയിലെ DEOMKD/1054/2025-B4 നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് എം.ഇ.എസ്. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ഉമ.പി.യു-ന്റെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജിയിൽ 03.09.2025 തീയതിയിൽ വാദം കേട്ടു.

2. ഹർജിക്കാരന്റെ വാദം താഴെ പറയുന്ന പ്രകാരം ആയിരുന്നു :

എം.ഇ.എസ്. മാനേജ്മെൻ്ററിന് കീഴിലുള്ള മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിൽ 2024-25 അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്ന അധിക തസ്തികയിലാണ് എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ ശ്രീമതി. ഉമ.പി.യു. വിനെ 10.06.2024 മുതൽ നിയമിച്ചത്. എന്നാൽ 2024-25 വർഷം അധിക തസ്തിക അനുവദിച്ചില്ലെന്ന കാരണത്താലും കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7 (2) വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന കാരണത്താലും, 2024-25 വർഷത്തെ കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലെന്ന കാരണത്താലും നിയമനാംഗീകാര അപേക്ഷ നിരസിക്കുകയുണ്ടായി. നിയമനാംഗീകാര അപേക്ഷ നിരസിച്ചതിനെതിരെ സമർപ്പിച്ച അപ്പീലും റിവിഷൻ അപ്പീലും നിരസിക്കുകയുണ്ടായി. നിരസിച്ചതിനെതിരെ താഴെ പറയുന്ന വസ്തുതകൾ ബോധിപ്പിക്കുന്നു.

(1) 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥക്കെതിരെ

ബഹു. സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്.

(2) കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

ആയതിനാൽ കേസിൻ്റെ അന്തിമ വിധിക്ക് വിധേയമായും 2024-25 വർഷത്തെ അധിക തസ്തിക അനുവദിക്കുന്ന മുറക്കും ശ്രീമതി. ഉമ.പി.യു. ന്റെ 10.06.2024 മുതലുള്ള എച്ച്.എസ്.ടി. (മലയാളം) നിയമനം അംഗീകരിച്ച് ഉത്തരവാകാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയുന്ന പ്രകാരം വാദിച്ചു :

മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി. ഉമ.പി.യു. ന്റെ എച്ച്.എസ്.ടി. (മലയാളം) തസ്തികയിലെ 10/06/2024 മുതലുള്ള നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനെതുടർന്ന് ഈ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു. ടി റിവിഷൻ അപ്പീൽ ഈ കാര്യാലയത്തിലെ EM1/758857/2024 തീയതി 10/03/2025 പ്രകാരം നിരസിച്ചിരുന്നു. ഇതിനെതിരെയാണ് നിലവിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

മണ്ണാർക്കാട് എം.ഇ.എസ്.ഹൈസ്കൂളിലെ 2024-25 വർഷത്തെ പ്രതീക്ഷിത എച്ച്.എസ്.ടി. (മലയാളം) അധിക തസ്തികയിൽ 10/06/2024 മുതൽ ശ്രീമതി. ഉമ.പി.യു. വിനെ മാനേജർ നിയമിച്ചു. ടി തസ്തിക അനുവദിച്ചിട്ടില്ല. കൂടാതെ ടി നിയമം 2024-25 വർഷത്തെ അധിക തസ്തികയിൽ ആയതിനാൽ കെ.ഇ.ആർ. ഭേദഗതി പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്, ആയതിലേക്കായി സംരക്ഷിത അധ്യാപകരെ നിയമിക്കുകയോ/തസ്തിക മാറ്റി വയ്ക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 2024-25 വർഷത്തെ കംബൈൻഡ് സീനിയോറിറ്റി സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ആണ് നിയമനാംഗീകാര അപേക്ഷ നിരസിച്ചത്.

2024-25 വർഷത്തെ അധിക തസ്തികയിലെ നിയമനം ആയതിനാൽ കെ.ഇ.ആർ ഭേദഗതി പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്. ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ല എന്ന വിവരം അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എം.ഇ.എസ്. മാനേജ് മെൻറിനുകീഴിലുള്ള മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ 2024-25 വർഷത്തിൽ അനുവദിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന അധിക തസ്തികയിൽ എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ ശ്രീമതി. ഉമ.പി.യു. വിനെ മാനേജർ 10.06.2024 തീയതി നിയമിച്ചു. എന്നാൽ 2024-25 വർഷം അധിക തസ്തിക അനുവദിച്ചിട്ടില്ലെന്ന കാരണത്താലും 2024-25 വർഷത്തെ കമ്പൈൻഡ് സീനിയോറിട്ടി സമർപ്പിച്ചിട്ടില്ലെന്ന കാരണത്താലും നിയമനാംഗീകാര അപേക്ഷ പൊതു വിദ്യാഭ്യാസ ഓഫീസർമാർ നിരസിക്കുകയുണ്ടായി. കമ്പൈൻഡ് സീനിയോറിട്ടി ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനനയിൽ ആണ്. 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥയ്ക്കെതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതിനാൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചു കൊള്ളാമെന്നും

ആയതിനാൽ കേസിന്റെ അന്തിമവിധിക്കു വിധേയമായി 2024-2025 വർഷത്തെ അധിക തസ്തിക അനുവദിച്ച് അനുവദിക്കുന്ന തസ്തികയിൽ ശ്രീമതി. ഉമ.പി.യു. വിനെ 10.06.2024 മുതലുള്ള എച്ച്.എസ്.ടി. (മലയാളം) നിയമനം അംഗീകരിക്കണമെന്നുമുള്ളതാണ് ഹർജിക്കാരന്റെ വാദം.

2024-2025 വർഷത്തെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് കെ.ഇ.ആർ. അധ്യായം 21 ചട്ടം 7(2) പ്രകാരം അധിക തസ്തികയിലെ നിയമനത്തിന് 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് മാത്രമേ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകുന്ന വിഷയം ഭിന്നശേഷിസംവരണവ്യവസ്ഥക്ക് വിധേയമായി പുന:പരിശോധിക്കാൻ കഴിയുകയുള്ളൂ.

5. മേൽ സാഹചര്യത്തിൽ 2024-2025 വർഷത്തെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് കെ.ഇ.ആർ അധ്യായം 21 ചട്ടം 7(2) പ്രകാരം അധിക തസ്തികയിലെ നിയമനത്തിന് 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് മാത്രം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകുന്ന വിഷയം സ.ഉ.(കൈ) നം.31/2026/GEDN, തീയതി 18/02/2026 ഉത്തരവിന്റെ അടിസ്ഥാനത്തിലും ഭിന്നശേഷി സംവരണവ്യവസ്ഥക്ക് വിധേയമായും ശ്രീമതി. ഉമ.പി.യു - ടെ 10.06.2024 മുതലുള്ള എച്ച്.എസ്.ടി (മലയാളം) നിയമനം പുന:പരിശോധിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ഉമ.പി.യു യുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ, മണ്ണാർക്കാട്, പാലക്കാട്.
ശ്രീമതി. ഉമ.പി.യു, എച്ച്.എസ്.ടി. (മലയാളം),എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ,മണ്ണാർക്കാട്, പാലക്കാട്.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/640/2025-G.EDN തീയതി: 10.03.2026 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V.M
സെക്ഷൻ ഓഫീസർ
Date: 16-06-2026 15:25:52